ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM**

## പ്രധാനവാർത്തകൾ

**DATE: 29.06.2026**

1. ദേശീയ ധീരതാ പുരസ്കാരങ്ങളുടെ രണ്ടാം ഘട്ട വിതരണം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് നിർവഹിക്കും.
2. സ്ത്രീ സുരക്ഷാ പദ്ധതി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസ്.
3. സംസ്ഥാനത്ത് വിദ്യാഭ്യാസ ജില്ല അടിസ്ഥാനമാക്കി പ്ലസ് വൺ സീറ്റിന്റെ ആവശ്യകത പരിശോധിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി എൻ ഷംസുദ്ദീൻ.
4. സെൻസസിന്റെ ഭാഗമായി സ്വയം വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം നാളെ അവസാനിക്കും.
5. സംസ്ഥാനത്ത് വ്യാപക മഴ. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാ നിർദേശം. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഫിഫ ലോകകപ്പ് നോക്കൗട്ട് പോരാട്ടത്തിൽ ബ്രസീൽ ഇന്ന് ഏഷ്യൻ കരുത്തരായ ജപ്പാനെ നേരിടും.

RNU TVPM

## ധീരതാ പുരസ്കാരങ്ങൾ

ധീരതാ പുരസ്കാരങ്ങളുടെ രണ്ടാം ഘട്ട വിതരണം രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് നിർവഹിക്കും. വൈകിട്ട് രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പ്രതിരോധ സേനകൾ, കേന്ദ്ര സായുധ പോലീസ് സേനകൾ, സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ പോലീസ് വിഭാഗം എന്നിവയിലെ ഉദ്യോഗസ്ഥർക്ക് പുരസ്കാരങ്ങൾ സമ്മാനിക്കും.

❁❁❁❁❁❁

## പ്രധാനമന്ത്രി - സെയ്ഷെൽസ്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സെയ്ഷെൽസ് സന്ദർശനം തുടരുന്നു. പ്രധാനമന്ത്രിക്ക് സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനി 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ' പ്രസിഡൻഷ്യൽ ബഹുമതി സമ്മാനിച്ചു. ബഹുമതി ലഭിച്ചതിൽ സെയ്ഷെൽസിലെ ജനങ്ങൾക്കും ഭരണകൂടത്തിനും പ്രധാനമന്ത്രി നന്ദി പറഞ്ഞു.

❁❁❁❁❁❁

## സഭ - അടിയന്തര പ്രമേയം

RNUTVPM

സ്ത്രീ സുരക്ഷാ പദ്ധതി വിഷയത്തിൽ നിയമസഭയിൽ പ്രതിപക്ഷത്തിന്റെ അടിയന്തര പ്രമേയ നോട്ടീസ്. പദ്ധതി പ്രകാരമുള്ള ധനസഹായം മൂന്ന് മാസമായി മുടങ്ങിക്കിടക്കുന്ന സാഹചര്യം സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് എ സി മൊയ്തീനാണ് നോട്ടീസ് നൽകിയത്. സ്ത്രീ സുരക്ഷാ പദ്ധതി അട്ടിമറിക്കാനുള്ള ശ്രമം നടക്കുകയാണെന്നും പദ്ധതി തുടരുന്നതിനുള്ള വിയോജിപ്പ് സർക്കാർ വ്യക്തമാക്കണമെന്നും പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. എന്നാൽ, ഒരു തയ്യാറെടുപ്പും കൂടാതെ നടപ്പാക്കിയ പദ്ധതിയാണിതെന്നും പദ്ധതി വേണ്ടെന്ന് തീരുമാനിച്ചിട്ടില്ലെന്നും മുഖ്യമന്ത്രി വി ഡി സതീശൻ മറുപടി നൽകി. മുഖ്യമന്ത്രിയുടെ മറുപടിയെത്തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു. അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചെങ്കിലും പ്രതിപക്ഷം സഭാ നടപടികളിൽ സഹകരിച്ചു.

❁❁❁❁❁❁

## സഭ - വിദ്യാഭ്യാസമന്ത്രി( ഇൻട്രോ )

സംസ്ഥാനത്ത് വിദ്യാഭ്യാസ ജില്ല അടിസ്ഥാനമാക്കി പ്ലസ് വൺ സീറ്റിന്റെ ആവശ്യകത പരിശോധിക്കുമെന്ന് വിദ്യാഭ്യാസമന്ത്രി എൻ ഷംസുദ്ദീൻ. പാലക്കാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തതയുണ്ടെന്നും അധിക ബാച്ചുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണെന്നും മന്ത്രി നിയമസഭയിൽ പറഞ്ഞു.

( വോയിസ്...)

❁❁❁❁❁❁

## നിയമസഭ—അനിൽകുമാർ

ഭൂനിയമങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുമെന്നും, ഇതിനായി കമ്മീഷനെ നിയോഗിക്കുമെന്നും റവന്യൂമന്ത്രി എ പി അനിൽകുമാർ. ഭൂമി തരം മാറ്റത്തിനുള്ള 25000 ത്തോളം അപേക്ഷകൾ എത്രയും വേഗം പൂർത്തിയാക്കാൻ ജില്ലാ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കും. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 839 വില്ലേജുകളിൽ ഡിജിറ്റൽ സർവേ പ്രവർത്തനങ്ങൾക്ക് തുടക്കമായെന്നും മന്ത്രി നിയമസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു.

❁❁❁❁❁❁

## സഭ - മന്ത്രി പി കെ ബഷീർ

ഊരാളുങ്കൽ ലേബർ കോ ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 165 പൊതുമരാമത്ത് കരാർ പ്രവൃത്തികളിൽ 40 എണ്ണം മന്ദഗതിയിലാണെന്ന് മന്ത്രി പി കെ ബഷീർ. പ്രവൃത്തികൾ വേഗത്തിലാക്കാൻ നിർദേശം നൽകിയെന്നും ഗുണനിലവാരം സംബന്ധിച്ച് പരാതി ലഭിച്ചാൽ അന്വേഷിക്കുമെന്നും അദ്ദേഹം നിയമസഭയിൽ പറഞ്ഞു. ഊരാളുങ്കൽ സൊസൈറ്റിയുടെ നിർമ്മാണ പ്രവൃത്തികളിൽ തദ്ദേശീയരായ ആളുകൾക്ക് തൊഴിലവസരം ലഭിക്കുന്നില്ലെന്ന പരാതിയും അന്വേഷിക്കുമെന്ന് മന്ത്രി അറിയിച്ചു.

RNU TVPM

❁❁❁❁❁❁

## സെൻസസ് ( ഇൻട്രോ )

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം നാളെ കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ നൽകേണ്ടത്. ജൂലൈ ഒന്ന് മുതൽ എന്യൂമറേറ്റർമാർ വീടുകളിലെത്തി വിവര ശേഖരണം നടത്തും. രാജ്യത്തിന്റെ മികച്ച ഭാവിക്കായി എല്ലാവരും സെൻസസ് പ്രക്രിയയുടെ ഭാഗമാകണമെന്ന് നടൻ മമ്മൂട്ടി അഭ്യർത്ഥിച്ചു.

( വോയിസ്....)

❁❁❁❁❁❁

## ട്രോളിംഗ് നിരോധനം

മൽസ്യത്തൊഴിലാളികൾക്കുള്ള സൗജന്യ റേഷൻ വിഷയത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് പി എ മുഹമ്മദ് റിയാസ് എം എൽ എ ഫിഷറീസ് മന്ത്രിക്ക് നിവേദനം നൽകി. ട്രോളിംഗ് നിരോധനകാലത്ത്

മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കേണ്ടിരുന്ന സൗജന്യ റേഷനും പഞ്ഞമാസ ധനസഹായവും അടിയന്തരമായി അനുവദിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

❁❁❁❁❁❁

## പൾസ് പോളിയോ

ദേശീയ പൾസ് പോളിയോ ദിനമായ ഇന്നലെ രാജ്യത്തുടനീളം പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം സംഘടിപ്പിച്ചു. ബൂത്തുകളിൽ ഇന്നലെ എത്തിച്ചേരാൻ സാധിക്കാത്തവർക്ക് ഇന്നും നാളെയുമായി ആരോഗ്യ പ്രവർത്തകരും വളണ്ടിയർമാരും വീടുകളിലെത്തി വാക്സിൻ നൽകും.

❁❁❁❁❁❁

## നഗരസഭ - പ്രതിഷേധം

തിരുവനന്തപുരം നഗരസഭയിൽ ഭരണസ്തംഭനമെന്ന് ആരോപിച്ച് യു ഡി എഫ് പ്രതിഷേധ മാർച്ച് നടത്തി. എൻ ശക്തൻ എം എൽ എ പ്രതിഷേധ മാർച്ച് ഉദ്ഘാടനം ചെയ്തു. കെ പി സി സി ജനറൽ സെക്രട്ടറിയും നഗരസഭാ കൗൺസിലറുമായ കെ എസ് ശബരീനാഥൻ, കോൺഗ്രസ് നേതാവ് വിഎസ് ശിവകുമാർ തുടങ്ങിയവർ പങ്കെടുത്തു.

❁❁❁❁❁❁

## അമേരിക്ക - ഇറാൻ - ധാരണ

സൈനിക പ്രത്യാക്രമണങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ അമേരിക്കയും ഇറാനും ധാരണയിലെത്തി. ഹോർമുസ് കടലിടുക്കിലെ തർക്കങ്ങൾ പരിഹരിക്കാനുള്ള നിർണായക ചർച്ച നാളെ ഖത്തർ തലസ്ഥാനമായ ദോഹയിൽ പുനഃരാരംഭിക്കും.

PIUTVPM

❁❁❁❁❁❁

## ഫിഫ

ഫിഫ ലോകകപ്പ് നോക്കൗട്ട് പോരാട്ടത്തിന് ബ്രസീൽ ഇന്നിറങ്ങും. ടെക്സാസിലെ ഹൂസ്റ്റൺ സ്റ്റേഡിയത്തിൽ ഇന്ത്യൻസമയം രാത്രി 10.30ന് ആരംഭിക്കുന്ന മത്സരത്തിൽ ഏഷ്യൻ കരുത്തരായ ജപ്പാനാണ് എതിരാളികൾ. നാളെ പുലർച്ചെ രണ്ടിന് ജർമനി പരാഗ്വേയുമായി ഏറ്റുമുട്ടും. നോക്കൗട്ട് റൗണ്ടിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി കാനഡ പ്രീക്വാർട്ടറിലേക്ക് മുന്നേറി. രണ്ടാം പകുതിയിലെ ഇഞ്ചുറി ടൈമിൽ സ്റ്റീഫൻ യുസ്റ്റാക്വിയോ നേടിയ ഗോളാണ് കാനഡക്ക് ചരിത്രവിജയം സമ്മാനിച്ചത്.

❁❁❁❁❁❁

## മഴ

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ലക്ഷദ്വീപിൽ മഴയ്ക്കൊപ്പം ശക്തമായ കാറ്റ് വീശുന്നതിനാൽ ദ്വീപ് നിവാസികൾ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❁❁❁❁❁❁

## പാലക്കാട് (ഇൻട്രോ)

പാലക്കാട് ജില്ലയിലെ മഴക്കുറവ് കള്ള് ഉല്പാദനത്തെയും ബാധിച്ചതായി ചെത്തു തൊഴിലാളികൾ. സംസ്ഥാനത്തെ പ്രധാന കള്ള് ഉല്പാദന മേഖലയായ ചിറ്റൂരിലാണ് കള്ള് ഉല്പാദനത്തിൽ വലിയ കുറവുണ്ടായിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......**

(വോയ്സ്)

❁❁❁❁❁❁

## മുല്ലപ്പെരിയാർ ചർച്ച

മുല്ലപ്പെരിയാർ വിഷയത്തിൽ പാർലമെൻററി കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള അന്തർ സംസ്ഥാന ചർച്ച മൂന്നാറിൽ നടന്നു. കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുത്തു. ദക്ഷിണേന്ത്യയിലെ ജനങ്ങൾക്ക് ഗുണകരമായ രീതിയിലുള്ള പ്രശ്ന പരിഹാരത്തിനാണ് ശ്രമിക്കുന്നതെന്ന് ജലവിഭവ പാർലമെൻ്ററി സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻ രാജീവ് പ്രതാപ് റൂഡി പറഞ്ഞു.

❁❁❁❁❁❁

## ചമ്പക്കുളം മൂലം ജലോത്സവം (ഇൻട്രോ)

വള്ളംകളി പ്രേമികൾ കാത്തിരുന്ന ചമ്പക്കുളം മൂലം ജലോത്സവം ഇന്ന്. സംസ്ഥാനത്തെ ജലോത്സവങ്ങൾക്ക് തുടക്കം കുറിക്കുന്ന ആദ്യത്തെ മത്സര വള്ളംകളിയാണ് ആലപ്പുഴയിലെ പമ്പയാറ്റിൽ നടക്കുന്ന ചമ്പക്കുളം മൂലം ജലോത്സവം.

RNU TVPM

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.......**
**(വോയ്സ്)**

❁❁❁❁❁❁

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 48 പോയിന്റ് ഉയർന്ന് 77,123 ലും നിഫ്റ്റി 19 പോയിന്റ് നേട്ടത്തിൽ 24,075 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 680 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 4,880 രൂപയും ഗ്രാമിന് 13,110 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁

## കണ്ണൂർ പൈതൽമല

വിനോദ സഞ്ചാര കേന്ദ്രമായ കണ്ണൂർ പൈതൽമലയിൽ ഇന്ന് മുതൽ സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കും. കാലാവസ്ഥയ്ക്ക് അനുസരിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്ന് അറിയിപ്പിൽ പറയുന്നു. കഴിഞ്ഞ വ്യാഴാഴ്ച ഇടിമിന്നലേറ്റ് യുവതി മരിച്ചതിനെ തുടർന്നാണ് നിയന്ത്രണമേർപ്പെടുത്തിയത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁

RNUTVPM